**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1725** **29-07-2021 - ൽ മറുപടിയ്ക്ക്**

**ധന ഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിച്ച ലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ലക്ഷ്യവും നാളിതുവരെയുള്ള നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ; | (എ) | 2018 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ ചുവടെ പറയും പ്രകാരമാണ്. (ശതമാനത്തിൽ) ധന സൂചകങ്ങൾ 2017-18 2018-19 2019-20 റവന്യൂ കമ്മി /ജി.എസ്. ഡി.പി ലക്ഷ്യം 0 0 0 നേട്ടം 2.41 2.21 1.70 ധനകമ്മി/ ജി.എസ്. ഡി.പി ലക്ഷ്യം 3.0 3.0 3.0 നേട്ടം 3.83 3.41 2.79 കടബാധ്യത/ജി.എസ്. ഡി.പി ലക്ഷ്യം 30.40 30.01 29.67 നേട്ടം 30.04 29.82 30.46* (*സംസ്ഥാനങ്ങൾ അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20 ൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച 1471 കോടി രൂപയുടെ അധിക വായ്പ ഉൾപ്പെടെ) നോട്ടു നിരോധനവും GST നടപ്പിലാക്കിയ തിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ച വരുന്ന റവന്യൂ ചെലവും കാരണമാണ് ധന ഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ടവികലമായ സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ |

| | | | |
|---|---|---|---|
| | | | നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. |
| (ബി) | ഏതെങ്കിലും കാര്യത്തിൽ ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2018 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ ചുവടെ പറയും പ്രകാരമാണ്. (ശതമാനത്തിൽ) ധന സൂചകങ്ങൾ 2017-18 2018-19 2019-20 റവന്യൂ കമ്മി /ജി.എസ്. ഡി.പി ലക്ഷ്യം 0 0 0 നേട്ടം 2.41 2.21 1.70 ധനകമ്മി/ ജി.എസ്. ഡി.പി ലക്ഷ്യം 3.0 3.0 3.0 നേട്ടം 3.83 3.41 2.79 കടബാധ്യത/ജി.എസ്. ഡി.പി ലക്ഷ്യം 30.40 30.01 29.67 നേട്ടം 30.04 29.82 30.46* (*സംസ്ഥാനങ്ങൾ അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20 ൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച 1471 കോടി രൂപയുടെ അധിക വായ്പ ഉൾപ്പെടെ) നോട്ടു നിരോധനവും GST നടപ്പിലാക്കിയ തിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചു വരുന്ന റവന്യൂ ചെലവും കാരണമാണ് ധന ഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ടവികലമായ സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പ |

| | | | |
|---|---|---|---|
| | | | പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. |
| (സി) | പ്രസ്തുത നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യം നേടാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെങ്കിൽ കേന്ദ്ര സർക്കാരിൽ നിന്ന് ഇക്കാര്യത്തിൽ സർക്കാരിന് പൊതുനിർദ്ദേശങ്ങൾ എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല. എന്നാൽ ഓരോ വർഷവും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിക്കുന്ന വായ്പപരിധിക്കും ഇതിന് പുറമേ അനുവദിക്കുന്ന അധികവായ്പക്കും അനുസൃതമായി ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന നിബന്ധന വയ്ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

**(ശതമാനത്തിൽ¶**

| ധന സൂചകങ്ങൾ | | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| റവന്യൂ കമ്മി/ജി.എസ്.ഡി.പി | ലക്ഷ്യം | 0 | 0 | 0 |
| | നേട്ടം | 2.41 | 2.21 | 1.70 |
| ധനകമ്മി/ ജി.എസ്.ഡി.പി | ലക്ഷ്യം | 3.0 | 3.0 | 3.0 |
| | നേട്ടം | 3.83 | 3.41 | 2.79 |
| കടബാധ്യത/ജി.എസ്.ഡി.പി | ലക്ഷ്യം | 30.40 | 30.01 | 29.67 |
| | നേട്ടം | 30.04 | 29.82 | 30.46* |

**(ശതമാനത്തിൽ¶**

| ധന സൂചകങ്ങൾ | | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| റവന്യൂ കമ്മി/ജി.എസ്. ഡി.പി | ലക്ഷ്യം | 0 | 0 | 0 |
| | നേട്ടം | 2.41 | 2.21 | 1.70 |
| ധനകമ്മി/ ജി.എസ്. ഡി.പി | ലക്ഷ്യം | 3.0 | 3.0 | 3.0 |
| | നേട്ടം | 3.83 | 3.41 | 2.79 |
| കടബാധ്യത/ജി. എസ്. ഡി.പി | ലക്ഷ്യം | 30.40 | 30.01 | 29.67 |
| | നേട്ടം | 30.04 | 29.82 | 30.46* |